## എന്താണ് റാഗിംഗ് ആകുന്നത്?

താഴെ പറയുന്നതിൽ പെട്ട ഒന്നോ അതില് കൂടുതലോ ആയ ഏതൊരു പ്രവർത്തിയും റാഗിംഗ് ആയി തീരുന്നു:

a) പുതുതായി വരുന്ന ഒരാളേയോ മറ്റൊരു വിദ്യാർത്ഥിയേയോ വാക്കാലോ, എഴുത്തിലൂടേയോ പ്രവർത്തിയിലൂടേയോ ഒരു വിദ്യാർത്ഥിയോ ഒരു സംഘം വിദ്യാർത്ഥികളോ കളിയാക്കുകയോ മര്യാദയില്ലാതെ ഇടപെടുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്നത്.

b) പുതുതായി വരുന്ന ഒരാൾക്കൊ മറ്റൊരു വിദ്യാർത്ഥിക്കോ അസ്വസ്ഥത, ബുദ്ധിമുട്ടുകൾ, ശാരീരികമോ മാനസികമോ ആയ ക്ഷതം, ഭീതി, ആശങ്ക എന്നിവയേതെങ്കിലും ഉണ്ടാക്കുന്നതോ അല്ലെങ്കിൽ ഉണ്ടാക്കിയേക്കാവുന്നതോ ആയ റൌഡിത്തരം അല്ലെങ്കിൽ അച്ചടക്കമില്ലാത്ത പ്രവർത്തികളില് വിദ്യാർത്ഥിയോ വിദ്യാർത്ഥികളോ ഏർപ്പെടുന്നത്.

c) സാധാരണ ഗതിയിൽ ഒരു വിദ്യാർത്ഥി ചെയ്യാത്തതും അവരിൽ ലജ്ജ, അല്ലെങ്കില് യാതന അല്ലെങ്കില് വിഷമം എന്നിവ ഉണ്ടാക്കുന്നതോ ഉണ്ടാക്കിയെക്കാവുന്നതോ ആയതും അതുവഴി അത്തരം പുതുതായി എത്തുന്ന ആൾക്കൊ മറ്റേതെങ്കിലും വിദ്യാർത്ഥിക്കോ ശാരീരികമോ മാനസികമോ ആയ ക്ഷതം ഉണ്ടാക്കുന്ന പ്രവർത്തി ചെയ്യുവാന് അവരോട് ആവശ്യപ്പെടുക.

d) മറ്റൊരു വിദ്യാർത്ഥിയുടെ അല്ലെങ്കില് പുതുതായി എത്തുന്ന ഒരാളുടെ സാധാരണ പഠന പ്രവർത്തനത്തെ ശല്യപ്പെടുത്തുന്ന ഒരു സീനിയർ വിദ്യാർത്ഥിയുടെ ഏതൊരു പ്രവർത്തിയും.

e) ഒരു വിദ്യാർത്ഥിയോ ഒരുകൂട്ടം വിദ്യാർത്ഥികളോ ചെയ്യേണ്ട പഠന പ്രവർത്തനങ്ങൾ പൂർത്തിയാക്കുയാവാൻ പുതുതായി എത്തുന്ന ഒരുവന്റെ സേവനം ചൂഷണം ചെയ്യൽ.

f) പുതുതായി എത്തുന്നവർക്കോ അല്ലെങ്കില് മറ്റൊരു വിദ്യാർത്ഥിക്കോ നിർബന്ധിത സാമ്പത്തിക ബാധ്യതയുണ്ടാക്കുകയോ സാമ്പത്തിക ചൂഷണം ഉണ്ടാകുകയോ ചെയ്യുന്ന വിദ്യാർത്ഥികളുടെ ഏതൊരു പ്രവർത്തിയും.

g) g)എല്ലാവിധ അധിക്ഷേപങ്ങളും അവയുടെ എല്ലാ രൂപങ്ങളും അടക്കം: ലൈംഗിക അധിക്ഷേപം, സ്വവർഗ്ഗ പീഡനം, നഗ്ന(നാ)യാക്കൽ, വഷളായതും മോദീപകവുമായ പ്രവർത്തി ചെയ്യാൻ നിർബന്ധിക്കല്, ചേഷ്ടകള്, ആരോഗ്യത്തിനോ വ്യക്തിത്വത്തിനോ ദോഷമോ അപകടമോ ഉണ്ടാകുന്ന പ്രവർത്തികൾ.

h) വാക്കുകൊണ്ടോ, ഇമെയില്, പോസ്റ്റ്, പൊതു നിന്ദ ഉള്ള നിന്ദാകരമായ ഏതൊരു പ്രവർത്തിയും ഇതില് നെറികെട്ട സന്തോഷം കിട്ടുന്ന പ്രവർത്തികള്, പുതുതായി എത്തുന്ന ഒരാൾക്കോ അല്ലെങ്കില് മാട് വിദ്യാർത്ഥികൾക്കോ അസ്വസ്ഥത ഉണ്ടാക്കുന്ന പ്രവർത്തികളില് പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുക്കുന്നതും ഉൾപ്പെടുന്നു.

i) പുതുതായി എത്തുന്ന ഒരാളുടെ മാനസിക ആരോഗ്യത്തേയും ആത്മാവിശ്വാസത്തേയും ബാധിക്കുന്ന ഏതൊരു പ്രവത്തിയും അല്ലെങ്കിൽ ഒരു വിദ്യാർത്ഥി പുതുതായി വരുന്ന ഒരാളുലെ മേൽ വേദനിപ്പിച്ച് രസിക്കുക എന്ന ഉദേശത്തോട് കൂടിയോ അല്ലാതേയോ ശക്തിയും അധികാരവും മേൽകോയ്മയും കാണിക്കുന്നതിനായി നടത്തുന്ന ഏതൊരു പ്രവർത്തിയും.